"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-പാലക്കാട് ജില്ലയിലെ കുമരം പുത്തൂർ ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് ശ്രീമതി.സുനിത.ബി യ്ക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2565/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 14/11/2019

==========================================================================

പരാമർശം:- 1 14.06.1994ലെ 36/94/ധന നമ്പർ സർക്കുലർ.

2 ശ്രീമതി.സുനിത.ബി യുടെ 10.12.2018 ലെ

ശൂന്യവേതനാവധിയപേക്ഷ.

3 പഞ്ചായത്ത് ഡയറക്ടറുടെ 03.05.2019 ലെ ഇ3-3724/19നമ്പർ കത്ത്.

ഉത്തരവ്

പാലക്കാട് ജില്ലയിലെ കുമരം പുത്തൂർ ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് ശ്രീമതി.സുനിത.ബി യ്ക്ക് 03.01.2019 മുതൽ 31.12.2019 വരേക്ക്ടിയാളുടെ രണ്ട് പെൺ മക്കളുടെ സംരക്ഷണാർത്ഥം ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ശ്രീമതി.സുനിത.ബി, 17.10.2002 ന് സേവനത്തിൽ പ്രവേശിച്ചു. 19.07.2018 മുതൽ 31.08.2018 വരെ അർദ്ധവേതനാവധിയിലും ആർജ്ജിതാവധിയിലും ആയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ കുമരം പുത്തൂർ ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് ശ്രീമതി.സുനിത.ബി യ്ക്ക് പരാമർശം(1) സർക്കുലറിലെ ഖണ്ഡിക II (a) പ്രകാരം "വ്യക്തിപരം" തുടങ്ങിയ അവ്യക്തമായ സ്വകാര്യ ആവശ്യങ്ങൾക്ക് ദീർഘനാൾ ശൂന്യവേതനാവധി അനുവദിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും പെൺകുട്ടികളുടെ സംരക്ഷണാർത്ഥം അവധി ആവശ്യപ്പെട്ട സാഹചര്യത്തിൽ ശ്രീമതി. ബി.സുനിതയ്ക്ക് 03.01.2019 മുതൽ 31.12.2019 വരെ ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിത അവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിലും ഇനിയൊരു ദീർഘിപ്പിക്കൽ ഉണ്ടാകില്ല എന്ന

വ്യവസ്ഥയിലും കെ.എസ്.ആർ.ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീബ ബി
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്(പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, കുമരം പുത്തൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട്(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീമതി.സുനിത.ബി, ഹെഡ് ക്ലാർക്ക്, കുമരം പുത്തൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട് (പഞ്ചായത്ത് ഡയറക്ടർ മുഖേന)

ധനവകുപ്പ് ( 27.08.2019 ലെ 157/ഡെവ-1/19/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(87/ഇപിഎ1/2019/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Danya M

സെക്ഷൻ ഓഫീസർ